# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2019 ഡിസംബർ 03 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## വൈഗ - പ്രീ വൈഗയും കാർഷിക സെമിനാറും നടത്തി

ജനുവരി 4 മുതൽ 7 വരെ നടത്താൻ നിശ്ചയിച്ചിരിക്കുന്ന വൈഗ 2020 ന്റെ മുന്നോടിയായി തൃശൂർ ടൌൺ ഹാളിൽ പ്രീ വൈഗയും കാർഷിക സെമിനാറും നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ഉദയപ്രകാശ് അധ്യക്ഷത വഹിച്ച ചടങ്ങിൽ തൃശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ രാധാകൃഷ്ണൻ പദ്ധതി വിശദീകരിച്ചു. കാർഷിക മേഖലയിൽ മൂല്യ വർധനവിന്റെ പ്രാധാന്യം, നബാർഡ് പദ്ധതികൾ, ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്നീ വിഷയങ്ങളിൽ കേരള കാർഷിക സർവകലാശാല കണ്ണാറ വാഴ ഗവേഷണ കേന്ദ്രം പ്രൊഫസർ ആൻഡ് ഹെഡ് ഡോ. പി ബി പുഷ്പലത, നബാർഡ് എജിഎം ദീപ എസ് പിള്ള, ജില്ലാ വ്യവസായ കേന്ദ്രം ജി എം എസ് അജിത് തുടങ്ങിയവർ ക്ലാസുകൾ എടുത്തു. ആത്മ പ്രൊജക്റ്റ് ഡയറക്ടർ സബീദ കെ ഐ, ഡെപ്യൂട്ടി പ്രൊജക്റ്റ് ഡയറക്ടർ ഡോ ജയന്തി എം വി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജെന്നി ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

## കാട്ടൂർ ഗ്രാമപഞ്ചായത്തിൽ വനിതകൾക്ക് ആടുകളെ വിതരണം ചെയ്തു

കാട്ടൂർ ഗ്രാമപഞ്ചായത്തിൽ വനിതകൾക്ക് ആടുകളെ വിതരണം ചെയ്തു. 2019-20 വാർഷിക പദ്ധതി പ്രകാരം 4,48,000 രൂപ വകയിരുത്തിയാണ് ആടുകളെ വിതരണം ചെയ്തത്. ആകെ 28 കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ഗുണഫലം ലഭിക്കുക. വനിതകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിന് 14,463,40 രൂപയുടെ പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്. സ്വയം തൊഴിൽ സംരഭം, യോഗ പരിശീലനം, ജൈവ പച്ചക്കറി, കൃഷി പ്രോത്സാഹനം, ആട് വിതരണം, കറവ പശു വിതരണം തുടങ്ങിയ വിപുലമായ പദ്ധതികളാണ് പഞ്ചായത്ത് ഇതിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

വിതരണോദ്ഘാടനം പഞ്ചായത്ത് വൈസ് - പ്രസിഡണ്ട് ബീന രഘു നിർവ്വഹിച്ചു. കാട്ടൂർ പഞ്ചായത്ത് വെറ്ററിനറി സർജൻ ഡോ. ഷൈമ പദ്ധതി വിശദീകരിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ഷീജ പവിത്രൻ, ജയശ്രീ സുബ്രമണ്യൻ, രാജലക്ഷ്മി കുറുമാത്ത്, സ്വപ്ന നജിൻ, ധീരജ് തേറാട്ടിൽ, എം.ജെ റാഫി എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ടി.വി. ലത നന്ദി പറഞ്ഞു.

*അടിക്കുറിപ്പ്: കാട്ടൂർ ഗ്രാമപഞ്ചായത്തിൽ വനിതകൾക്കുള്ള ആടുകളുടെ വിതരണോദ്ഘാടനം പഞ്ചായത്ത് വൈസ്-പ്രസിഡണ്ട് ബീന രഘു നിർവ്വഹിക്കുന്നു.*

## മാലിന്യനിർമ്മാർജ്ജനത്തിന് പുതുവഴി; കളിപ്പാട്ട ശേഖരണവുമായി പുത്തൻചിറ പഞ്ചായത്ത്

മാലിന്യനിർമ്മാർജ്ജനത്തിന് കളിപ്പാട്ട ശേഖരണത്തിലൂടെ പുതുവഴി സ്വീകരിച്ച് പുത്തൻചിറ ഗ്രാമപഞ്ചായത്ത്. 'കുഞ്ഞുവാവയ്ക്കൊരു കളിപ്പാട്ടം' എന്ന വ്യത്യസ്തമായ രീതിയിലുള്ള പദ്ധതിയിലൂടെയാണ് പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനൊപ്പം പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് വിലപിടിച്ച കളിപ്പാട്ടം ദാനം ചെയ്യാനൊരു അവസരം കൂടി പഞ്ചായത്ത് നൽകിയത്. വീടുകളിൽ ഉപയോഗം കഴിഞ്ഞ, കാലപ്പഴക്കമില്ലാത്ത വിലപിടിച്ച കളിപ്പാട്ടങ്ങളാണ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ആളുകൾ എത്തിച്ചത്. ഇതിനു ശേഷം പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് കളിപ്പാട്ടം കൈമാറ്റം ചെയ്തു.

2020 ജനുവരി ഒന്നിന് പ്ലാസ്റ്റിക് നിരോധിത പഞ്ചായത്ത് എന്ന പ്രഖ്യാപനത്തിന്റെ മുന്നോടിയായി ഡിസംബർ അവസാനം വരെ നീണ്ടു നിൽക്കുന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഓഡിറ്റോറിയങ്ങളിലും പൊതുഇടങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കും. നാട്ടുകാർ, രാഷ്ട്രീയപാർട്ടികൾ, കുടുംബശ്രീ, തൊഴിലുറപ്പ്, ആരോഗ്യം, സ്കൂൾ, വിവിധ വകുപ്പുകൾ എന്നിവയുടെ പ്രതിനിധികളുമായി ചേർന്ന് പഞ്ചായത്തിലെ മുഴുവൻ റോഡുകളും ഇന്ന് മാലിന്യമുക്തമാക്കും. മലിനമാക്കപ്പെടുന്ന കുടിവെള്ള സ്രോതസ്സുകളും ഇതോടൊപ്പം ശുചിയാക്കും. 5,6 തീയതികളിൽ വ്യാപകമായ ബോധവത്കരണപരിപാടികൾ സംഘടിപ്പിക്കും. ഫ്ളാഷ് മോബ്, നാടകം, ബോധവത്കരണ ക്ലാസുകൾ എന്നിവയാണ് സംഘടിപ്പിക്കുക. 6,7,8 തീയതികളിൽ മാലിന്യശേഖരണത്തിനായി വാർഡുകൾ തോറും ഹരിതകർമ്മസേനയെ വിന്യസിക്കും. ഡിസംബർ 26ന് തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ചാക്കിൽ കെട്ടി ഭദ്രമാക്കിയ ദുർഗന്ധമില്ലാത്ത അജൈവമാലിന്യങ്ങൾ ശേഖരിക്കും. ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടത്തിലാണ് നിർമ്മാർജ്ജനം ചെയ്യുക. അഞ്ച് ലക്ഷം രൂപയാണ് മാലിന്യം നീക്കം ചെയ്യാൻ പഞ്ചായത്ത് വകയിരുത്തിയിരിക്കുന്നത്. കുടിവെള്ള സ്രോതസ്സുകൾ മാലിന്യമുക്തമാക്കാൻ 3 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ മാലിന്യസംഭരണകേന്ദ്രവും ഒരുക്കിയിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക് സംസ്കരണത്തിനായി ഷ്രെഡ്ഡിങ്ങ് മെഷീൻ, ഓരോ ആഴ്ചയിലും ആരോഗ്യവകുപ്പിന്റെ പരിശോധന എന്നിവയും ഒരുക്കിയിട്ടുണ്ട്. വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും മാലിന്യം സംസ്കരിക്കാനുള്ള നടപടികളും സ്വീകരിക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് വി എ നദീർ അറിയിച്ചു.

## പടിയൂർ ഫെസ്റ്റ്: സംഘാടക സമിതി രൂപീകരിച്ചു

എടതിരിഞ്ഞി സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ പടിയൂർ ഫെസ്റ്റ് 2019 സംഘാടക സമിതി രൂപീകരിച്ചു. ടി എൻ പ്രതാപൻ എം പി, പ്രൊഫ കെ യു അരുണൻ എംഎൽഎ, പഞ്ചായത്ത് പ്രസിഡന്റ് സി എസ് സുധൻ എന്നിവർ രക്ഷാധികാരികളായ സമിതിയാണ് രൂപീകരിച്ചത്. ഡിസംബർ 27 മുതൽ 31 വരെയാണ് ഫെസ്റ്റ്. വിവിധ കലാ സാംസ് കാരിക പരിപാടികൾ, പ്രദർശനങ്ങൾ, ഭക്ഷ്യമേള, സെമിനാറുകൾ, ഫിലിം ഫെസ്റ്റിവൽ എന്നിവ നടക്കും. പടിയൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി എസ് സുധൻ യോഗം ഉദ്ഘാടനം ചെയ്തു. ബാങ്ക് വൈസ് പ്രസിഡന്റ് ടി ആർ ഭുവനേശ്വരൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എസ് രാധാകൃഷ്ണൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുധ വിശ്വംഭരൻ, എന്നിവർ പങ്കെടുത്തു.

# പരിസര ജനസഭ സംഘടിപ്പിച്ചു

എടവിലങ്ങ് പഞ്ചായത്തും ശാസ്ത്രസാഹിത്യപരിഷത്തും എടവിലങ്ങ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പരിസര ജനസഭ സംഘടിപ്പിച്ചു. നെൽവയലുകൾ, നീർത്തടങ്ങൾ എന്നിവ നികത്തുന്ന സാഹചര്യത്തിൽ ഭാവിയിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ജിയോളജിസ്റ്റ് എസ് ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് എ പി ആദർശ് അധ്യക്ഷത വഹിച്ചു. കെ എസ് ജയ റിപ്പോർട്ട് അവതരിപ്പിച്ചു. കെ എം ബേബി മോഡറേറ്ററായി. ജില്ലാ പഞ്ചായത്തംഗം നൗഷാദ് കൈതവളപ്പിൽ, ബ്ലോക്ക് പഞ്ചായത്തംഗം ഇന്ദിര എം വി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് മിനി തങ്കപ്പൻ എന്നിവർ പങ്കെടുത്തു.

# സ്പർശം 2019: ഏകദിന ട്രൈബൽ ക്യാമ്പ് സംഘടിപ്പിച്ചു

ഏകദിന ട്രൈബൽ ക്യാമ്പ് 'സ്പർശം 2019' ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി. കെ. അബ്ദുൽ റഹീം ഉദ്ഘാടനം ചെയ്തു. ആദിവാസികൾക്കും പാർശ്വവത്ക്കരിക്കപ്പെട്ട ദുർബല സമൂഹങ്ങൾക്കുമായി തൃശൂർ ജില്ലാ നിയമ സേവന അതോറിറ്റിയും മുകുന്ദപുരം താലൂക്കും സംയുക്തമായാണ് ക്യാമ്പ് സംഘടിപ്പിച്ചത്..

ക്യാമ്പിന്റെ ഭാഗമായി അതിരപ്പിള്ളി - മലക്കപ്പാറ മേഖലയിൽ താമസിക്കുന്ന പതിനഞ്ച് ആദിവാസി ഊരുകളിലുള്ളവർക്ക് ഐടി മിഷന്റെ സഹകരണത്തോടെ ആധാർ, ജനന സർട്ടിഫിക്കറ്റ്, ഡിസബിലിറ്റി തുടങ്ങിയ അവശ്യ സർട്ടിഫിക്കറ്റുകൾ നൽകാൻ വേണ്ട നടപടി സ്വീകരിച്ചു. 250 പെൻഷൻകാർക്ക് മസ്റ്ററിങ്ങും 50 പേർക്ക് എംപ്ലോയ്മെന്റ് കാർഡും വിതരണം നടത്തി. ബാങ്ക് അക്കൗണ്ട് ഇല്ലാത്തതിന്റെ പേരിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും മുടങ്ങി കിടന്നവർക്ക് പോസ്റ്റൽ വകുപ്പിന്റെ സഹായത്തോടെ അക്കൗണ്ടുകൾ തുടങ്ങി.

ചാലക്കുടി എം. പി. ബെന്നി ബഹനാൻ, ബി. ഡി. ദേവസി എം.എൽ.എ, തൃശൂർ ജില്ലാ കളക്ടർ എസ്. ഷാനവാസ്, കെ. ടി. നിസാർ അഹമ്മദ്, കെ. പി. വിജയകുമാരൻ ഐ.പി.എസ്, ഇ. ആർ. സന്തോഷ് കുമാർ, എസ്. വി. വിനോദ് തുടങ്ങി വിവിധ വകുപ്പ് മേധാവികളും പങ്കെടുത്തു. ജില്ലാ ജഡ്ജി സോഫി തോമസ് അധ്യക്ഷത വഹിച്ചു. തൃശൂർ ജില്ലാ സബ് ജഡ്ജ് പി. എസ്. ജോസഫ് സ്വാഗതവും മുകുന്ദപുരം താലൂക്ക് ലീഗൽ സർവീസ് കമ്മിറ്റി ചെയർമാൻ കെ. എസ്. രാജീവ് നന്ദിയും പറഞ്ഞു.

***അടിക്കുറിപ്പ്: ട്രൈബൽ ക്യാമ്പ് 'സ്പർശം 2019' ക്യാമ്പ് അതിരപ്പിള്ളി - മലക്കപ്പാറ ഊരിലെ കമലം എന്ന ആദിവാസി സ്ത്രീ തന്റെ 88 -ാം വയസ്സിൽ ആധാർ കാർഡ് ഏറ്റുവാങ്ങുന്നു***

# ഭിന്നശേഷിക്കാർക്ക് ലേണേഴ്സ് ലൈസൻസെടുക്കാൻ അവസരം

ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വിവിധ ഡിപ്പാർട്മെന്റുകളുടെ സഹകരണത്തോടെ ഭിന്നശേഷിക്കാർക്ക് ലേണേഴ്സ് ലൈസൻസും അതിനാവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഇന്ന് (ഡിസംബർ 4ന് ) രാവിലെ 9.30 മുതൽ അയ്യന്തോൾ വനിതാ ഇൻഡോർ സ്റ്റേഡിയത്തിൽ ഒരുക്കുന്നു. ഭിന്നശേഷി രംഗത്ത് പ്രവർത്തിക്കുന്ന ഫയർ, എ കെ ഡബ്ല്യൂ ആർ എഫ് എന്നീ സംഘടനകളുടെ നേതൃത്വത്തിൽ ആർ ടി ഒ, ഡി എം ഒ, എൻ എച്ച് എം, സാമൂഹ്യ നീതി വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് : 7356229901, 9496014420.

# റീടെണ്ടർ

തൃശൂർ ജില്ലാ പഞ്ചായത്തിന്റെ 2019-20 ലെ പദ്ധതിയായ ബാലസൗഹൃദ ജില്ല-അനുബന്ധപ്ര വർത്തനങ്ങളുടെ ഭാഗമായി അങ്കണവാടികളിൽ എ സി സ്ഥാപിക്കുന്നതിന് റീടെണ്ടർ ക്ഷണിച്ചു. etenders.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന ടെണ്ടർ സമർപ്പിക്കാം. ഫോൺ: 0487 2321689.

# തുടരും